വളരെ അടിയന്തിരം

നം. ഇ5 -27496/12 (1)

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം,
തീയതി: 08.05.2014.

സാമൂഹ്യ നീതി ഡയറക്ടർ.

എല്ലാ ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കും.

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന സേവനാവകാശ നിയമം 2012 - സേവനങ്ങളുടെ സമാഹൃത റിപ്പോർട്ട് - ലഭ്യമാക്കുന്നത് - സംബന്ധിച്ച്:
സൂചന :- 8.4.14 ലെ 16203/എ.ആർ. 12(1)/2013/ഉ ഭ പ വ നമ്പർ സർക്കുലർ.

ഓരോ വകുപ്പും കേരള സംസ്ഥാന സേവനാവകാശ നിയമ പ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് ഓരോ മാസവും സർക്കാരിൽ നൽകുവാൻ സൂചന പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ താങ്കളുടെ ജില്ലയിൽ സാമൂഹ്യ നീതി വകുപ്പിന് കീഴിലെ വിവിധ കാര്യാലയങ്ങൾ വഴി സേവനാവകാശ നിയമ പ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട് എല്ലാ മാസവും 5- ാം തീയതിക്ക് മുൻപായി swdkerala@gmail.com എന്ന വിലാസത്തിൽ E-mail വഴി ലഭ്യമാക്കേണ്ടതാണ്. സേവനാവകാശ നിയമ പ്രകാരം അപേക്ഷകൾ സ്വീകരിക്കുമ്പോൾ അപേക്ഷകന് സേവനാവകാശ ചട്ടങ്ങളിലെ ഫാറം നം. 1 ൽ കൈപ്പറ്റ് രസീത് ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. സാമൂഹ്യ നീതി വകുപ്പിന് കീഴിലെ വിവിധ കാര്യാലയങ്ങളിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണെന്നും ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമാണെന്നും പ്രത്യേക നോട്ടീസ് ബോർഡിൽ പൊതുജനങ്ങൾക്ക് വ്യക്തമായിക്കാണുന്ന ഭാഗത്ത് എഴുതി പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശിക്കുന്നു. മേൽ പരാമർശിത റിപ്പോർട്ട് ലഭ്യമാക്കുന്നതിന് അടിയന്തിര പ്രാധാന്യത്തോടെ നടപടികൾ സ്വീകരിക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന ജില്ലാ സാമൂഹ്യ നീതി ഓഫീസർമാർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുന്നതാണ്.

വിശ്വസ്തതയോടെ,

N. Radhakrishnan

സാമൂഹ്യ നീതി ഡയറക്ടർക്കുവേണ്ടി

PS/